(ബി) ആരോഗ്യവകുപ്പിൽ പ്രസ്തുത കാലയളവിൽ സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്ന് 2011-12 സാമ്പത്തിക വർഷം 17,96,960 രൂപയും (പതിനേഴ് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി തൊള്ളായിരത്തി അറുപത് രൂപ), 2012-13 സാമ്പത്തിക വർഷം 25,00,000 രൂപയും (ഇരുപത്തിയഞ്ചുലക്ഷം രൂപ), 2013-14 സാമ്പത്തിക വർഷത്തിൽ 62,57,500 രൂപയും (അറുപത്തിരണ്ടുലക്ഷത്തി അൻപത്തിയേഴായിരത്തി അഞ്ഞൂറ് രൂപ) ദന്ത ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ ദന്തൽ കോളേജുകളിൽ പ്രസ്തുത കാലയളവിൽ 4,52,47,569 രൂപ (നാല് കോടി അമ്പത്തിരണ്ടുലക്ഷത്തി നാൽപ്പത്തിയേഴായിരത്തിഅഞ്ഞൂറ്റി അറുപത്തിഒൻപത് രൂപ) ദന്ത ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

ബാക്കിയുള്ള സ്കൂൾ ദന്തൽ ക്യാമ്പുകൾ, ജില്ലാതല ബോധവൽക്കരണ പ്രവർത്തനങ്ങൾ, കേടായ ദന്തോപകരണങ്ങളുടെ റിപ്പെയർ, ദന്തവിഭാഗം ജീവനക്കാർക്കുള്ള സംസ്ഥാന/ജില്ലാതല പരിശീലനം എന്നിവയ്ക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതിനുപുറമെ ഓറൽ ക്യാൻസർ സ്ക്രീനിംഗ് പ്രവർത്തനങ്ങൾക്കായി കിറ്റുകൾ വാങ്ങുന്നതിനായി ജില്ലകൾക്ക് അനുവാദം നൽകി. ദന്തചികിത്സയ്ക്ക് വേണ്ട ആധുനിക സൗകര്യങ്ങളോടുകൂടിയ ലബോറട്ടറികൾ (8 എണ്ണം) സ്ഥാപിക്കുന്നതിനായി ഉത്തരവ് നൽകി.

(സി) നിലവിൽ സംസ്ഥാനത്തെ സി.എച്ച്.സി.-കളിലും പി.എച്ച്.സി.-കളിലും ദന്തൽ ഡോക്ടർമാരുടെ തസ്തികകൾ നിലവിലില്ലാത്തതിനാൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന

36 (8096) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജനയിൻ (ആർ. എസ്. ബി. വൈ.) കീഴിൽ ആശുപത്രികൾക്ക് ലഭിക്കുന്ന ഇൻഷ്വറൻസ് തുക ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കാമെന്നതുസംബന്ധിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ ; ഉത്തരവ് ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളിൽ ആർ.എസ്.ബി.വൈ. ഫണ്ട് വിനിയോഗത്തിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടെന്നും ക്രമക്കേടുകൾക്കെതിരെ സ്വീകരിച്ച നടപടികളെന്തെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജനയിൻ (ആർ.എസ്.ബി.വൈ.) കീഴിൽ ആശുപത്രികൾക്ക് ലഭിക്കുന്ന ഇൻഷ്വറൻസ് തുക ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കാമെന്നതുസംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി)

1. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇത്തരത്തിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ക്രമക്കേടിനെക്കുറിച്ച് പോലീസിൽ പരാതിപ്പെട്ടിട്ടുണ്ട്.

2. കാസർഗോഡ് ജനറൽ ആശുപത്രി

കാസർഗോഡ് ജനറൽ ആശുപത്രിയിൽ എൽ.ഡി.ക്ലാർക്ക് ആയിരുന്ന ശ്രീ.എബി കെ. 4-8-2011 മുതൽ 12-7-2012 വരെയുള്ള കാലയളവിൽ ആശുപത്രി സൂപ്രണ്ടിന്റെ വ്യാജ ഒപ്പിട്ട് 13 ചെക്ക് ലീഫുകളിൽനിന്നായി 9,04,875 രൂപ ആർ.എസ്.ബി.വൈ. അക്കൗണ്ടിൽനിന്നും കോർപ്പറേഷൻ ബാങ്കിന്റെ കാസർഗോഡ് ബ്രാഞ്ചിൽനിന്ന് പിൻവലിച്ചതായി അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സൂപ്രണ്ട്, ജനറൽ ആശുപത്രി, കാസർഗോഡ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കാസർഗോഡ് ടൗൺ പോലീസ് കേസ്സെടുത്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളത്. ടിയാൾ കാസർഗോഡ് ജനറൽ ആശുപത്രിയിലെതന്നെ ഡോക്ടർമാരായ ഡോ. വാസന്തി, ഡോ. ജമാലുദ്ദീൻ എന്നിവരുടെ കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്തതിന് നിയമനാധികാരിയായ ജില്ലാ മെഡിക്കൽ ഓഫീസർ ടിയാളെ 29-11-2012 മുതൽ സസ്പെന്റ് ചെയ്യുകയും, സർക്കാരിന് നഷ്ടമായ തുക വസൂലാക്കുവാൻ വേണ്ടി Form 24 പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും, അദ്ദേഹത്തിന്റെ ലഭ്യമായ രണ്ട് വീട് അഡ്രസ്സിൽ നഷ്ടപ്പെട്ട പണം 18 ശതമാനം പലിശയോടുകൂടി തിരിച്ചടയ്ക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും പണം തിരിച്ചടയ്ക്കാത്തതിനാൽ അദ്ദേഹത്തിന്റെ വീട് സ്ഥിതിചെയ്യുന്ന ആലപ്പുഴയിലെ ജില്ലാ കളക്ടറോട് ടി തുക റവന്യൂ റിക്കവറി ചെയ്യുവാൻവേണ്ടി കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ടിയാളുടെ സേവനകാലം ക്രമീകരിക്കുകയോ പ്രൊബേഷൻ പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. ആയതു കൂടാതെ ടിയാൾക്കെതിരെ വയനാട് ജില്ലയിൽ എൽ.ഡി.ക്ലാർക്ക് ആയിരുന്ന കാലയളവിലും സർക്കാർ പണം ദുരുപയോഗം ചെയ്തതിന് വയനാട് ജില്ലാ മെഡിക്കൽ ഓഫീസറും സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചതിന്റെ വെളിച്ചത്തിൽ 14-10-1998-ൽ സർവ്വീസിൽ പ്രവേശിച്ച ടിയാളെ റൂൾ 19 (എ) KS&SSR 1958 പ്രകാരവും റൂൾ 18 (11) KCS (CCA) 1960 പ്രകാരവും നിയമനാധികാരിയായ ജില്ലാ മെഡിക്കൽ ഓഫീസറുടെ എ 1-12958/2012-ലെ 11-7-2014 ഉത്തരവ് പ്രകാരം 29-11-2012 മുതൽ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടുകൊണ്ട് ഉത്തരവായിട്ടുണ്ട്.

ആശുപത്രികളിലെ സ്റ്റാൻഡേർഡൈസേഷൻ മാനദണ്ഡങ്ങൾ

37 (8097) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) എല്ലാ സർക്കാർ ജനറൽ ആശുപത്രികളും ജില്ലാ ആശുപത്രികളും താലൂക്ക് ആശുപത്രികളും മെഡിക്കൽ കോളേജുകളും സ്റ്റാൻഡേർഡൈസേഷൻ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ ; ഇല്ലായെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(ബി) എല്ലാ താലൂക്ക്, ജില്ലാ ജനറൽ ആശുപത്രികളിലും ട്രോമാകെയർ സേവനം ലഭ്യമാണോ ; ഇല്ലെങ്കിൽ ആയത് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും അത്യാഹിത വിഭാഗം പൂർണ്ണസജ്ജമായി പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലായെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(ഡി) എല്ലാ താലൂക്ക്, ജില്ലാ ജനറൽ ആശുപത്രികളിലും ലബോറട്ടറി, ഫാർമസി, ബ്ലഡ് ബാങ്ക്, എക്സ്-റേ, ഇ.സി.ജി. മുതലായ സേവനങ്ങൾ എല്ലാ ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്നരീതിയിൽ സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എല്ലാ സർക്കാർ ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും സ്റ്റാൻഡേർഡൈസേഷൻ മാനദണ്ഡങ്ങൾ പ്രകാരമുള്ള സൗകര്യങ്ങൾ നിലവിലില്ല. ആരോഗ്യവകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly